# സ്ത്രീയെഴുതുന്ന നവോത്ഥാനം: സരസ്വതിയമ്മയുടെ കഥകളെ മുൻനിർത്തി ചില വിചാരങ്ങൾ

എ.പി. നിമ്മി*

നൂറ്റാണ്ടുകളായി നിലനിന്നിരുന്ന സാമൂഹികമായ വിവേചനത്തെ ഉന്മൂലനം ചെയ്യാനും സമതത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായ ഒരു സമൂഹത്തെ സൃഷ്ടിക്കാനും വേണ്ടിയുള്ള പരിശ്രമങ്ങളാണ് പത്തൊമ്പതാംനൂറ്റാണ്ടിന്റെ ഉത്ത രാർദ്ധത്തോടുകൂടി കേരളീയ സമൂഹത്തിൽ അരങ്ങേറിയത്. അതുവരെ കേരളീയ സമൂഹം പിൻതുടർന്നു വന്ന പാരമ്പര്യക്രമങ്ങളിൽ നിന്ന് ഒരു ഉയിർത്തെഴുന്നേൽപ്പ് സാധ്യമാവുകയും സാമൂഹ്യനവോത്ഥാനത്തിന്റെ രൂപഭാവങ്ങളിലേക്ക് ക്രമേണ ഒരു മാറ്റം കൈക്കൊള്ളുകയും ചെയ്തു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപാദം മുതൽ ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപാദം വരെ നീണ്ടുനിന്ന ഈ പരിഷ്കരണ പ്രസ്ഥാനങ്ങളെയാണ് പൊതുവിൽ നവോത്ഥാന പ്രസ്ഥാനം എന്നു വിശേഷിപ്പിക്കാറുള്ളത്.

അവസരസമത്വം, മതേതരത്വം തുല്യനീതി എന്നിവയ്ക്കുവേണ്ടി ജനങ്ങളെ സജ്ജരാക്കാനുള്ള ബോധപൂർവ്വമായ പരിശ്രമങ്ങൾ സാമൂഹ്യപരിഷ്കർത്താക്കൾ നടത്തുകയുണ്ടായി. ശ്രീനാരായണഗുരു, വൈകുണ്ഠസ്വാമികൾ, ചട്ടമ്പിസ്വാമികൾ, അയ്യങ്കാളി, വാഗ്ഭടാനന്ദൻ, വി.ടി.ഭട്ടതിരിപ്പാട്, പണ്ഡിറ്റ് കറുപ്പൻ, സഹോദരൻ അയ്യപ്പൻ, സി.കൃഷ്ണൻ, പൊയ്കയിൽ അപ്പച്ചൻ, വക്കം മൗലവി, മന്നത്ത് പത്മനാഭൻ തുടങ്ങിയവർ നേതൃനിരയിൽ ഉള്ളവരായിരുന്നു. എസ്.എൻ.ഡി.പി, എൻ.എസ്.എസ്, സാധുജനപരിപാലനയോഗം തുടങ്ങി നിരവധി സംഘടനകൾ അക്കാലത്ത് സ്ഥാപിക്കപ്പെടുകയും നവോത്ഥാനപ്രവർത്തനങ്ങളെ ഊർജ്ജിത പ്പെടുത്തുകയും ചെയ്തു.

---

*അസി. പ്രൊഫസർ, മലയാളവിഭാഗം, ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട്

## സ്ത്രീ മുന്നേറ്റങ്ങൾ

ജന്മിനാടുവാഴിത്തത്തിന്റെ കാലഘട്ടത്തിൽ കേരളീയ സമൂഹത്തിലെ സ്ത്രീയ വസ്ഥകൾ പരിതാപകരമായിരുന്നു. സ്വന്തമായി വസ്ത്രം ധരിക്കാനോ മറ്റുള്ളവരെപ്പോ ലെ സ്വതന്ത്രമായി നടക്കാനോ ഉള്ള അവകാശം സ്ത്രീയ്ക്ക് നിഷേധിക്കപ്പെട്ടിരുന്നു. നവോത്ഥാന കാലഘട്ടത്തിൽ കേരളത്തിന്റെ സാമൂഹ്യ- സാമ്പത്തിക രാഷ്ട്രീയരംഗങ്ങളിൽ വന്ന മാറ്റങ്ങളുടെ ഫലമായി സ്ത്രീകളുടെ പദവിയിൽ മാറ്റം കണ്ടു തുടങ്ങി. തിരുവി താംകൂറിലെ ചാന്നാർ സ്ത്രീകൾ മാറുമറയ്ക്കാൻ നടത്തിയ സമരം നാടുവാഴി ജന്മിത്ത അധികാരവ്യവസ്ഥയ്ക്കേറ്റ ആദ്യത്തെ പ്രഹരം തന്നെയായിരുന്നു. അവകാശങ്ങളെക്കുറിച്ച് തങ്ങൾക്കും ബോധ മുണ്ടെന്ന് സ്ത്രീകൾ അധികാരിവർഗ്ഗത്തെ കാണിച്ചു കൊടുത്ത സമര മായിരുന്നു അത്. പുലയ സ്ത്രീകൾ കല്ലുകൊണ്ടും കുപ്പിച്ചില്ലുകൊണ്ടുമുള്ള ഭാരമുള്ള മാലകൾ ധരിക്കണമെന്ന നിയമത്തിനെതിരെയുള്ള കല്ലുമാലസമരവും നവോത്ഥാന കാലത്തെ സ്ത്രീമുന്നേറ്റത്തെ അടയാളപ്പെടുത്തുന്ന ഒന്നാണ്.

മേൽജാതി വിശേഷണത്തിൽപ്പെട്ട നമ്പൂതിരി സമുദായത്തിലെ സ്ത്രീയുടെ അവസ്ഥയും വ്യത്യസ്തമായിരുന്നില്ല. ഇല്ലങ്ങളുടെ അകത്തളങ്ങളിൽ തളയ്ക്കപ്പെട്ട നമ്പൂതിരി സ്ത്രീകളുടെ ഉന്നമനത്തിനായി ഉണ്ണിനമ്പൂതിരി, യോഗക്ഷേമസഭ മുതലായവ യുടെ പരിശ്രമങ്ങൾ എടുത്തു പറയേണ്ടതാണ്. വി.ടി.ഭട്ടതിരിപ്പാടിന്റെ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്, എം.ആർ.ബി.യുടെ മറയ്ക്കുള്ളിലെ മഹാനരകം, എം.പി.ഭട്ടതിരിപ്പാടിന്റെ ഋതുമതി തുടങ്ങിയ നാടകങ്ങൾ നമ്പൂതിരി സ്ത്രീകളുടെ ദുരിതപർവ്വങ്ങളുടെ നേർക്കാ ഴ്ചകളായിരുന്നു. ലളിതാംബിക അന്തർജ്ജനത്തിന്റെ കഥകളിൽ നിന്നും നോവലുകള ിൽ നിന്നും അക്കാലത്തെ ജാതിവ്യവസ്ഥയിൽ നിന്നുണ്ടായ സാമൂഹ്യപ്രശ്നങ്ങളുടെ സങ്കീർണ്ണതയിൽപ്പെട്ട് കഷ്ടതയനുഭവിച്ച സ്ത്രീ ജീവിതത്തിന്റെ നേരനുഭവങ്ങൾ നമുക്ക് വായിച്ചെടുക്കാൻ സാധിക്കും. മലബാറിൽ ആര്യാപള്ളവും, കൊച്ചിയിൽ പാർവ്വതി നെന്മി നിമംഗലവും തിരുവിതാംകൂറിൽ ലളിതാംബിക അന്തർജ്ജനവുമായിരുന്നു സമരങ്ങൾക്കു മുന്നിൽ.

## നവോത്ഥാനവും ചെറുകഥയും

സമൂഹവും സാഹിത്യവും വിഭിന്നങ്ങളല്ലാത്തതുകൊണ്ടു തന്നെ സാമൂഹിക മാറ്റങ്ങളുടെ പ്രതിധ്വനി സാഹിത്യത്തിലും പ്രതിഫലിക്കും. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തോടെ ആരംഭിച്ച ചെറുകഥയുടെ നവോത്ഥാനഘട്ടത്തിന് വഴിയൊരു ക്കിയ ഘടകങ്ങൾ നിരവധി യാണ്. 1920-കളോടെ കേരളത്തിൽ ശക്തിപ്രാപിച്ച ദേശീയ പ്രസ്ഥാനം സാഹിത്യകാരന്മാ രെ കർമ്മോൽസുകരാക്കാൻ കാരണമായി. പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ വ്യാപകമായ പ്രചാരണം മറ്റൊരു കാരണമാണ്. "1917-ലെ റഷ്യൻ വിപ്ലവം സാമ്പത്തിക സാമൂഹിക ഘടനയെ സംബന്ധിച്ചിട ത്തോളം മൗലികമായ മാറ്റത്തിന് വഴിതെളിക്കുമെന്ന് അനുഭവ ങ്ങളിലൂടെ ഇന്ത്യൻ ജനതയ്ക്കും ബോധ്യം വന്നു തുടങ്ങി. ചൂഷിത ജനതയ്ക്ക് സ്വയം സംഘടി ക്കാനുള്ള ശക്തി അതു പ്രദാനം ചെയ്തു. ഇതിനാധാരമായ മാർക്സിയൻ ദർശനം അശരണരായ മർദ്ദിത വിഭാഗത്തിന്റെ ഉയിർത്തെഴുന്നേൽപ്പിന് ക്രിയാത്മകമായ

നേതൃത്വം നൽകി. ഈ ഭൗതികവും ആന്തരികവുമായ പരിതാവസ്ഥകളോട് സ്വാഭാവികമായി എഴുത്തുകാരൻ പ്രതികരിച്ചു". (എരുമേലി പരമേശ്വരൻപിള്ള, പുറം:468)

സാഹിത്യത്തിലുണ്ടായ നവചലനങ്ങൾ സാമൂഹിക ജീവിതത്തെ പുതിയ ദിശയിലേയ്ക്ക് നയിക്കാൻ പ്രേരകമായി. സാഹിത്യത്തിന്റെ മുഖ്യധാരയിൽ ഇടം കിട്ടാതെ പോയ സാമൂഹികശ്രേണികൾക്കും ജീവിതാവസ്ഥകൾക്കും കാഴ്ചപ്പാടു കൾക്കും സ്ഥാനം ലഭിച്ചു. പുരുഷാധിപത്യനിലപാടുകളെ തകർത്തു കൊണ്ട് അരികുവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ തങ്ങളുടെ ജീവിതാവസ്ഥകളെയും നിലപാടു കളെയും അടയാളപ്പെടുത്തി എടുക്കാനുള്ള ശ്രമങ്ങളുണ്ടായി. സ്വത്വബോധമുള്ള മനുഷ്യരായി പുരുഷൻമാരെ പോലെ സ്ത്രീകളും അവരുടെ അനുഭവമേഖലകളെ സാഹിത്യത്തിലേയ്ക്ക് പകർത്തി. മുഖ്യധാരാസാഹിത്യത്തിൽ സ്ത്രീയും തന്റെ പ്രാതിനിധ്യം അറിയിച്ചു. ലളിതാംബിക അന്തർജ്ജനം, കെ.സരസ്വതിയമ്മ എന്നിവരാണ് സ്ത്രീയനുഭവങ്ങളുടെ സവിശേഷ സ്വരത്തെ ആദ്യമായി ചെറുകഥാസാഹിത്യത്തിൽ പ്രതിഷ്ഠിച്ചത്. അനാചാരങ്ങളിലൂടെയും അന്ധവിശ്വാസങ്ങളിലൂടെയും ദുരിതജീവിതം നയിച്ചിരുന്ന നമ്പൂതിരി സ്ത്രീകളുടെ പ്രതിഷേധത്തിന്റെയും വിമർശനത്തിന്റെയും സ്വരമാണ് ലളിതാംബിക അന്തർജ്ജനം തന്റെ കഥകളിലൂടെ സമൂഹത്തിലെത്തിച്ചത്. ലളിതാംബിക അന്തർജ്ജനത്തിന് തൊട്ടു പിന്നാലെയാണ് സരസ്വതിയമ്മ ചെറുകഥാലോകത്തേയ്ക്ക് വരുന്നത്. പുരുഷനെപ്പോലെ തന്നെ സ്ത്രീയ്ക്കും പ്രാധാന്യമുണ്ടെന്നും സ്വാതന്ത്ര്യത്തോടെ ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള അവകാശം സ്ത്രീയ്ക്കുമുണ്ടെന്ന ആശയമാണ് സരസ്വതിയമ്മയുടെ കൃതികളിലെ അടിസ്ഥാന സങ്കൽപ്പം.

### സരസ്വതിയമ്മ- വേറിട്ട വ്യക്തിത്വം

പുരുഷാധിപത്യ സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെടുന്ന സ്ത്രീയുടെ സ്വത്വവും അനുഭലോകവും ശക്തമായി അവതരിപ്പിച്ച എഴുത്തുകാരിയായിരുന്നു സരസ്വതിയമ്മ. ലളിതാംബിക അന്തർജ്ജനത്തിനും സരസ്വതിയമ്മയ്ക്കും മുമ്പ് മലയാള ചെറുകഥാരംഗത്ത് വനിതാകഥാകൃത്തുക്കൾ ഉണ്ടായിരുന്നുവെങ്കിലും അവരുടെ രചനകളിൽ ഇല്ലാതിരുന്ന സ്ത്രീകളുടെ മാത്രമായ സവിശേഷ നില പാടുകളും അനുഭവ ചിത്രണങ്ങളും കണ്ടു തുടങ്ങുന്നത് ലളിതാംബിക അന്തർ ജ്ജനത്തിലും അത് തീവ്രവും ഏകാഗ്രവുമായ സാന്നിദ്ധ്യമായി വികസിച്ചു വന്ന് പ്രത്യയശാസ്ത്രപരമായ അടിയുറപ്പ് നേടിയത് സരസ്വതിയമ്മയുടെ ചെറുകഥകളിലാ ണെന്നും കെ.എസ്.രവികുമാർ നിരീക്ഷിക്കുന്നുണ്ട്. (കഥയും ഭാവുകത്വപരിണാമവും, പുറം:74)

നവോത്ഥാനത്തിന്റെയും ജനാധിപത്യവത്ക്കരണത്തിന്റെയും ഫലമായി സ്ത്രീമുന്നേറ്റങ്ങൾ നടന്നുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിലാണ് സരസ്വതിയമ്മ എന്ന എഴുത്തുകാരി രൂപപ്പെടുന്നത്. പുരുഷനോടൊപ്പം സാമൂഹിക ജീവിതത്തിൽ അർഹിക്കുന്ന പ്രാധാന്യം സ്ത്രീക്കും ലഭിക്കാനുള്ള ആഗ്രഹത്തോടെയാണ് അവർ തന്റെ കഥകളെ സമീപിച്ചത്. സ്ത്രീയെ മുഖ്യധാരയിലേക്ക് കൈപിടിച്ച് ഉയർ ത്താനുള്ള ബോധപൂർവ്വമായ ശ്രമം സരസ്വതിയമ്മ തന്റെ കൃതികളിലൂടെ നടത്തി. തന്റേടമുള്ള സ്ത്രീക

ഥാപാത്രങ്ങൾ വിവിധ വേഷത്തിലും ഭാവത്തിലും ഈ കഥാ ലോകത്ത് പ്രത്യക്ഷപ്പെട്ടു. സ്വത്വബോധമാർജ്ജിക്കുന്ന സ്ത്രീയായിരുന്നു സരസ്വതി യമ്മയുടെ ലക്ഷ്യം. കുടുംബം, വിവാഹം, ദാമ്പത്യം തുടങ്ങിയ സങ്കൽപ്പങ്ങളെ യെല്ലാം തന്റെ കഥകളിലൂടെ അവർ ചോദ്യം ചെയ്തു.

നവീന കുടുംബങ്ങളിലെ അധികാരബന്ധങ്ങളെക്കുറിച്ച് മൗലികവും തീക്ഷ്ണവുമായ നിരീക്ഷണങ്ങൾ സരസ്വതിയമ്മ നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട അമ്മ, പെൺബുദ്ധി, രത്നം വിളയുന്ന ഭൂമി, പകലും രാവും തുടങ്ങിയ കഥകളിൽ കുടുംബത്തിൽ തകർക്കപ്പെട്ട സ്ത്രീകളുടെ ജീവിതങ്ങളെ കഥാകാരി കാണിച്ചു തരുന്നു. കുടുംബമെന്നാൽ ദുർവഹമായ അധ്വാനഭാരമായി മാത്രം  കാണാൻ സാധിക്കുന്നവളാണ് ബഹുമാനപ്പെട്ട അമ്മയിലെ സുഭദ്ര. അവളുടെ ബി.എ.ബിരുദം പരിഹാസ്യതയുടെ ചിഹ്നമായി മാറുന്നു. “ശമ്പളം വാങ്ങിക്കുന്നതിന്റെ ജോലി, ഭാര്യയായതിന്റെ ജോലി, അമ്മയായതിന്റെ ജോലി, ഇങ്ങനെ ഇനിയും ശരണവു മില്ലാതെ രാപ്പകൽ ജോലിയോടു ജോലി തന്നെ. എനിക്കു കഴിയില്ല ഇതെല്ലാം കൂടെ” (കെ.സരസ്വതിയമ്മയുടെ സമ്പൂർണ്ണകൃതികൾ, പുറം :451) ബുദ്ധി ശാലിനിയും കർമ്മനിരതയുമായിരുന്ന സ്ത്രീക്ക് ജീവിതത്തിന്റെ സർഗാത്മകയാകെ യും കുടുംബ ത്തിൽ അർപ്പിക്കേണ്ടി വരുന്നു. മാതാപിതാക്കളെയും കുടുംബത്തെയും ദാരിദ്ര്യത്തിൽ നിന്നു കരകയറ്റാൻ വേണ്ടിമാത്രം ധനികനായ ഒരാളുടെ ഭാര്യയായി ത്തീർന്നവളാണ് ‘രത്നം വിളയുന്ന ഭൂമി’ യിലെ ശാരദക്കുട്ടി. വിരൂപനായ വൃദ്ധനായ ഭർത്താവിന്റെ കൂടെയുള്ള ജീവിതം ദാമ്പത്യത്തിന്റെ സുഖങ്ങളെ മരുപ്പച്ചയായി അന ുഭവപ്പെടുത്തുന്നു കഥാനായികയ്ക്ക്. സരസ്വതിയമ്മയുടെനോട്ടത്തിൽ ആധുനിക കുടുംബമെന്നത് പാരമ്പര്യത്തിന്റെയും ആധുനികതയുടെയും പരസ്പരമുള്ള ഏറ്റുമുട്ടലിൽ ചിതറിയതുണ്ടുകളുടെ അസമർഥമായ മേളനത്തിൽ നിന്ന് പിറന്ന ഒരു സ്ഥാപനങ്ങളാ ണ് എന്ന് ജെ.ദേവിക നിരീക്ഷിക്കുന്നുണ്ട്. (സരസ്വതിയമ്മയുടെ സമ്പൂർണ്ണകൃതികൾ, പുറം:1056) പുരുഷന്മാർക്ക് വളരെ അനുകൂലമായ ഒരു അധികാരബന്ധമാണ് ആധു നിക കുടുംബത്തിന്റേത്. ഈ അധികാരബന്ധത്തിൽ ഇല്ലാതെയാകുന്ന സ്വരങ്ങളെയാണ് ശാരദക്കുട്ടിപ്പോലുള്ള കഥാപാത്രങ്ങളുടേത്.

കുടുംബത്തിൽ ഉപയോഗശൂന്യമാക്കപ്പെട്ട വ്യക്തിത്വത്തെയോർത്ത് നൊമ്പര പ്പെടുന്നവ ളാണ് പെൺബുദ്ധിയിലെ വിലാസിനിയുടെ കൂട്ടുകാരി വിജയലക്ഷ്മി. കുടുംബിനിയുടെ ജീവിതത്തെക്കുറിച്ച് വിജയലക്ഷ്മി അഭിപ്രായപ്പെടുന്നത് ഇപ്രകാ രമാണ്.  “ഒന്നാമതായി ജയിച്ചതിനെനിക്കു കിട്ടിയ സ്വർണ്ണ മെഡൽ കുഞ്ഞുങ്ങൾക്കു മരുന്നരച്ചു കൊടുക്കാനുപ യോഗപ്പെട്ടു. പക്ഷെ ഒന്നാമതായി ജയിക്കാനിടയാക്കിയ ബുദ്ധിശക്തി ഒരു പ്രയോജന വുമില്ലാതെ തുരുമ്പെടുത്തു പോവുന്നു. പുരുഷന്മാർ ക്കാണെങ്കിൽ അവസാനംവരെ തലച്ചോർ കൊണ്ട് ആവശ്യമുണ്ട്. ഉപജീവനത്തിനും ഉയരാനും ഇത്തിളാകാൻ ജനി ച്ച സ്ത്രീക്ക് അതിബുദ്ധി ഒരു ശാപമാണ്. (സരസ്വതിയമ്മയുടെ സമ്പൂർണ്ണകൃതികൾ, പുറം:514)

പതിനാറു വർഷത്തെ കുടുംബജീവിതത്തെക്കുറിച്ച് പകലും രാവിലെ ലീലയുടെ ചേച്ചിയ്ക്ക്  പറയാനുള്ളത് ഇതാണ്. ഒന്നും രണ്ടും പത്തുമൊന്നുമല്ല. പതിനാറു വർഷം

അതൊരു ചില്ലറക്കാര്യമാണോ? അടിമയെപ്പോലെ ഒരുത്തന്റെ ഹിതാഹിതം നോക്കി വച്ചു വിളമ്പി, താളത്തിനു തുള്ളി, എന്തെല്ലാം സഹിച്ചാൽ വീട്ടിനകത്തൊരു സൈര്യം കാണും. പെണ്ണുങ്ങളിങ്ങനെ കിടന്നു കണ്ണീരു കുടിക്കുന്നതു പുണ്യം കിട്ടാനൊന്നുമല്ല ഒരു ചാൺവയറിനുവേണ്ടി, അവസാനം വരെ താങ്ങാനൊരുത്തൻ കാണുമല്ലോന്ന് വച്ച്, ഒരുത്തന്റെ കാലും പിടിച്ചു കിടന്നാൽ പലരുമിട്ടു താറ്റുകയില്ലല്ലോ എന്ന വച്ച്. എന്നിട്ടോ ഇതാണു പ്രതിഫലം!" (സരസ്വതിയമ്മയുടെ സമ്പൂർണ്ണകൃതികൾ, പുറം:643)

പരമ്പരാഗത കുടുംബവ്യവസ്ഥയിൽ സ്ത്രീയനുഭവിക്കുന്ന പരാധീനതകളോട് ഏറ്റു മുട്ടുന്ന കഥാപാത്രങ്ങളെയാണ് സരസ്വതിയമ്മ മേൽസൂചിപ്പിച്ചവയിലെല്ലാം സൃഷ്ടിച്ചത്. ഒരു കുടുംബിനി എന്നതിലുപരിയായി സ്വത്വബോധമുള്ള ഒരു വ്യക്തിയാണ് താൻ എന്ന ചിന്ത അടിസ്ഥാനപരമായി ഇവരിലെല്ലാവരിലും പ്രവർത്തിക്കുന്നുണ്ട്. ഇത്തരം ചിന്തയിലേയ്ക്കുള്ള ബൗദ്ധികോർജ്ജം സരസ്വതിയമ്മ സംഭരിച്ച് 1930 കളിൽ കേരളത്തിലുടനീളം ഉയർന്നുവന്ന പരിഷ്കരണവാദങ്ങളിൽ നിന്നാവാം. ദേവിക നിരീക്ഷിക്കുന്നതുപോലെ നമ്പൂതിരിസമുദായ പരിഷ്കരണവാദത്തിലെ തീവ്രപക്ഷക്കാർ കുടുംബത്തെക്കുറിച്ചും വിവാഹത്തെക്കുറിച്ചും മുന്നോട്ടുവെച്ച ആശയങ്ങളും പാരമ്പര്യത്തിനെതിരെ അവർ അഴിച്ചുവിട്ട വിമർശനങ്ങളും ഇത്തരം മുന്നേറ്റത്തിൽ ഒരു മുഖ്യസ്രോതസ്സായി വർത്തിച്ചു1. പരമ്പരാഗത ബ്രാഹ്മണഭക്തിയും ഭർത്തൃഭക്തിയും സ്ത്രീകളെ അടിമകളും നിരാലംബകളുമാക്കിത്തീർക്കുന്ന ചിത്രം 'കുലമഹിമ' എന്ന കഥയിൽ കാണാം. പാരമ്പര്യം സ്ത്രീകളിൽ ദാസ്യമനോഭാവം വളർത്താനേ ഉപകരിക്കൂവെന്നും ആധുനികതയുടെ താൻപോരിമയിലേയ്ക്ക് സ്ത്രീ വളരേണ്ടതുണ്ടെന്നും സ്ഥാപിക്കാനുള്ള എഴുത്തുകാരിയുടെ തീവ്രശ്രമം ഈ കഥയിലുണ്ട്. രക്തത്തിലലിഞ്ഞ പരമ്പരാഗതദാസ്യഭാവത്തെ തിരിച്ചറിഞ്ഞ കഥാപാത്രമാണ് 'സ്വാതന്ത്ര്യവാദക്കാരി'യിലെ വിലാസിനി. പുരുഷനോടൊപ്പം എല്ലാം രംഗങ്ങളിലും കർമ്മനിരതയായി ഇറങ്ങേണ്ടത് സ്ത്രീസമുദായത്തിന്റെ മാത്രമല്ല മനുഷ്യവംശത്തിന്റെ തന്നെ ഉൽക്കർഷത്തിനാവശ്യമാണെന്ന് ഉജ്ജ്വല പ്രസംഗം നടത്തിയ വിലാസിനിയ്ക്ക് ബസ്സിൽ കയറാൻ സ്ത്രീകൾ പുരുഷന്മാരൊടൊപ്പം ഉന്തുകയും തള്ളുകയും ചെയ്യുന്നതു കണ്ടപ്പോൾ അല്പമല്ലാത്ത വല്ലായ്മ തോന്നിയത് മേൽപറഞ്ഞ ദാസ്യഭാവം കൊണ്ടാണ്. ബസ്സിൽ തന്റെ വ്യക്തിത്വത്തിനു നേരെ നടന്ന കടന്നുകയറ്റത്തെ ചെറുക്കാൻ അവൾ ശ്രമിക്കാതിരുന്നതും ബസ്സിനുള്ളിൽ താൻ സംസാരവിഷയമായിത്തീരുമെന്ന ഭയം കൊണ്ടാണ് ദാസ്യമനോഭാവം രക്തത്തിൽ ചോർന്നു കിടക്കെ പ്രസംഗം കൊണ്ട് എന്ത് ഫലം എന്നോർത്ത് വിലാസിനിയ്ക്ക് നെടുവീർപ്പിടേണ്ടിവരുന്നത് അതുകൊണ്ടാണ്. 'സ്ത്രീയുടെ അടിമത്തം ആദ്യം അബലയുടെ ഒരാവശ്യം. പിന്നീടു സമുദായം നിർബന്ധിക്കുന്ന ഒരാചാരം. അവിടവും കടന്ന് ഒടുവിൽ പാരമ്പര്യം പുലർത്തിപ്പോരുന്ന ഒരു ധർമ്മം. പ്രതിബന്ധങ്ങൾ തകർത്ത് പരിഹാസങ്ങൾ സഹിച്ച് എങ്ങനെയും അതങ്ങു മാറ്റിക്കളയാൻ സ്ത്രീകൾ യോജിച്ചു പ്രവർത്തിക്കാത്തതെന്ത്? മറ്റെല്ലാതരം അടിമത്തങ്ങളും നശിപ്പിക്കണമെന്ന് പറയുന്നവർ പോലും ഈയൊരു ദാസ്യം വച്ചു പുലർത്താൻ മോഹിക്കുന്നത് പുരുഷന്റെ സ്വാർത്ഥത കൊണ്ടായാലും സംസ്കാരസമ്പന്നന്റെ ഷിവൽറി കൊണ്ടായാലും ആശാസ്യമാണോ?" (സരസ്വതിയമ്മയുടെ സമ്പൂർണ്ണകൃതികൾ പുറം:322). സുഭദ്രയിലൂടെ കഥാകാരി നേരിട്ട് പ്രത്യക്ഷപ്പെടുന്ന സന്ദർഭങ്ങളാണിവ.

സ്ത്രീയനുഭവിക്കുന്ന ഇത്തരം ദൗർബല്യങ്ങളെ മറികടക്കേണ്ടതുണ്ടെന്നും യഥാർത്ഥ ആധുനികത ഇത്തരം അവസ്ഥകൾക്കതീതമാണെന്നും വിലാസിനിയിലൂടെ സരസ്വതിയമ്മ പറഞ്ഞു വെയ്ക്കുന്നു.

ചുരുക്കത്തിൽ ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യപാദത്തിലുണ്ടായ സാമൂഹ്യ പരിഷ്കരണവാദധാരകളുടെ ആശയലോകത്തെയാണ് സരസ്വതിയമ്മ തന്റെ കഥകളിലൂടെ പങ്കിടുന്നത്. ആ കാലഘട്ടത്തിലെ സ്ത്രീയനുഭവങ്ങളെ അതിശ യോക്തിയില്ലാതെ എഴുത്തിലേയ്ക്ക് പകരാൻ അവർക്കു സാധിച്ചു. വി.ടി.ഭട്ടതിരിപ്പാട് പറഞ്ഞതുപോലെ തികച്ചും ആധുനികമായ ജീവിതശൈലി, അഭിരുചികൾ, ചിന്താ ശീലങ്ങൾ തുടങ്ങിയ നേടുന്നതിലൂടെയും സമുദായത്തിന്റെയും സമൂഹത്തിന്റെയും പൊതുരംഗങ്ങളിൽ ഫലപ്രദമായി ഉൾച്ചേരാനുള്ള കഴിവ് നേടുന്നതിലൂടെയുമാണ് സ്ത്രീ സ്വാതന്ത്ര്യത്തിലേക്കുള്ള വഴി തുറക്കപ്പെടുന്നതെന്ന ആശയം സരസ്വതിയമ്മ യുടെ രചനകളിലുടനീളം പ്രതിഫലിക്കുന്നുണ്ട്.

## കുറിപ്പ്

1. *ദേവിക ജെ. കുലടയ്ക്കും കുലീനയ്ക്കുമപ്പുറം.ലിംഗഭേദവിചാരം സരസ്വതിയമ്മയുടെ കൃതികളിൽ. സരസ്വതിയമ്മയുടെ സമ്പൂർണ്ണകൃതികൾ എന്ന കൃതിയിൽ അനുബന്ധമായി ചേർത്ത പഠനം.*

## ഗ്രന്ഥസൂചി

1. *കാർത്തികേയൻനായർ വി,നവോത്ഥാനമൂല്യങ്ങളും കേരളസമൂഹവും, സാഹിത്യ പ്രവർത്തക സഹകരണസംഘം, 2014.*
2. *ഗോപകുമാർ പി.എഫ്.ഡോ, കേരളീയ നവോത്ഥാനം, ചിന്ത പബ്ലിഷേഴ്സ്,2007.*
3. *ചന്ദ്രിക സി.എസ്,കേരളത്തിലെ സ്ത്രീ മുന്നേറ്റങ്ങളുടെ ചരിത്രം, തൃശൂർ, 1998.*
4. *രവികുമാർ കെ.എസ്.ഡോ, എഡിറ്റർ സരസ്വതിയമ്മയുടെ സമ്പൂർണ്ണകൃതികൾ, ഡി.സി.ബുക്സ് 2001*
5. *രവികുമാർ കെ.എസ്, കഥയും ഭാവുകത്വ പരിണാമവും, സാഹിത്യപ്രവർത്തക സഹകരമ സംഘം,2012*
6. *രവീന്ദ്രൻ എൻ.ക, പെണ്ണെഴുതുന്ന ജീവിതം, മാതൃഭൂമി ബുക്സ്, 2010*